പ്രവർത്തനങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തിക്കൊണ്ട് ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ആദിവാസികളുടെ വിദ്യാഭ്യാസം ഏറ്റവും പ്രധാന്യത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. വിദ്യാഭ്യാസ രംഗത്തേയ്ക്ക് കൂടുതൽ ആദിവാസികളെ ആകർഷിക്കുന്നതിനുവേണ്ടി, ഇന്നലെ ക്യാബിനറ്റ് കൂടിക്കൊണ്ട് ആദിവാസികളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പണിയരുടേയും അടിയരുടേയും കുട്ടികളെ 1-ാം ക്ലാസ് മുതൽ പഠിപ്പിക്കാൻവേണ്ടി ആശ്രമം സ്കൂളുകൾ വായനാട്ടിൽ തന്നെ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുകഴിഞ്ഞു. അത് ഇന്നലെ ക്യാബിനറ്റ് അംഗീകരിക്കുകയും ചെയ്തു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ 2 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആദിവാസികൾക്കുവേണ്ടി വീണ്ടും ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ വിവിധ രംഗത്ത് ഇന്ന് ആദിവാസികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ, ദുരിതങ്ങൾ ഇവയ്ക്ക് പരിഹാരം കാണാനുള്ള ക്രിയാത്മകമായ നടപടിയാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

(24) 'തണൽ' ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സാമ്പത്തിക സഹായം

ശ്രീ. ജി. കാർത്തികേയൻ : സർ, 'തണൽ' എന്ന പേരിൽ ഒരു ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരത്ത് ആരംഭിച്ചു. 1-ാം ഘട്ടം എന്ന നിലയിൽ ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും ഗ്രാമ പഞ്ചായത്തിന്റേയും തുകയായ 7,500 രൂപ ഇവർക്ക് കൊടുത്തു കഴിഞ്ഞു. അതനുസരിച്ച് താമസിച്ചിരുന്ന ചെറിയ വീടുകളെല്ലാം ഈ പദ്ധതിയിൽപ്പെട്ട ആളുകൾ പൊളിച്ചുനീക്കി അവിടെ 1-ാം ഘട്ട പ്രവർത്തനം ആരംഭിച്ചു. 2-ാം ഘട്ടത്തിന്റെ സഹായം അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല. ജില്ലാ സഹകരണ ബാങ്കുവഴി റൂട്ടു ചെയ്തു വരേണ്ട സാമ്പത്തികധനമായതുകൊണ്ട് ഇവിടെ ഒരു തടസ്സം വന്നു. അത് ലഭിക്കാത്തതുകൊണ്ട് വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സത്തിലായിരിക്കുന്നു. ആ തടസം നീക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, 'തണൽ' എന്ന ഭവന പദ്ധതിപ്രകാരം 30,000 വീടുകളാണ് തിരുവനന്തപുരം ജില്ലയിൽ ഈ വർഷം നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിൽ അതിന്റെ ആദ്യത്തെ ഗഡുവായി 7,500 രൂപ വീതം വിതരണം ചെയ്തു കഴിഞ്ഞു. 2-ാം ഗഡു ജനറൽ വിഭാഗത്തിന് 10,500 രൂപ വീതവും പട്ടികവർഗ്ഗ വിഭാഗത്തിന് 13,000 രൂപ വീതവും ഇപ്പോൾ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ അടുത്തദിവസമാണ് പണം അനുവദിച്ചത്. വീടുവയ്ക്കുന്നതിന് മറ്റ് പ്രശ്നങ്ങളൊന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് അടിയന്തിരമായി പരിഹരിച്ച് ആ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകും.

LIBRARY ARCHIVES Kerala Legislative Assembly